**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5311** **02-11-2021 - ൽ മറുപടിയ്ക്ക്**

**അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) | അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര വഖഫ് നിയമം സെക്ഷൻ 4 പ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വെ നടത്തുന്നതിനായി സർവ്വെ കമ്മീഷണറെ നിയമിച്ചിട്ടുള്ളതും ടി സർവ്വെ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വെ നടപടികൾ നടന്നുവരികയുമാണ്. അപ്രകാരം സർവ്വെ നടത്തി സർവ്വെ കമ്മീഷണർ സമർപ്പിക്കുന്ന റിപ്പോർട്ടിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ (കെട്ടിട നമ്പർ ഉൾപ്പെടെ) പരാമർശിക്കേണ്ടതാണെന്ന് 2019-ലെ വഖഫ് റൂൾസ് 4(2) (21)-ൽ നിഷ്കർഷിക്കുന്നുണ്ട്. 1995 ലെ വഖഫ് നിയമത്തിൽ 2013 ന് ഉണ്ടായ നിയമ ഭേദഗതി അനുസരിച്ച് 51(1-A), 104-A(1) എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വില്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. മേൽ നിയമ ഭേദഗതി വരുന്നതുവരെ വഖഫ് വസ്തു വില്പനയും, കൈമാറ്റവും ബോർഡനുമതിയോടുകൂടി നടത്താവുന്നതായിരുന്നു. ബോർഡ് അനുമതിയില്ലാതെ നടത്തിയിട്ടുള്ള വില്പന, വസ്തുകൈമാറ്റം, വഖഫ് വസ്തു അന്യാധീനപ്പെടൽ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്കോ, ബോർഡിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കോ വഖഫ് നിയമം 52, 54 പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വഖഫ് ആക്റ്റ്, സെക്ഷൻ 54 പ്രകാരം അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുവാനുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം കൈയ്യേറ്റം ഒഴിപ്പിക്കുവാനുള്ള ഉത്തരവ് വഖഫ് ട്രൈബ്യൂണൽ പുറപ്പെടുവിയ്ക്കേണ്ടതാണ്. |
| (ബി) | ഇവ തിരിച്ചുപിടിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ | (ബി) | അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | പഠനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര വഖഫ് നിയമം സെക്ഷൻ 4 പ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വെ നടത്തുന്നതിനായി സർവ്വെ കമ്മീഷണറെ നിയമിച്ചിട്ടുള്ളതും ടി സർവ്വെ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വെ നടപടികൾ നടന്നുവരികയുമാണ്. അപ്രകാരം സർവ്വെ നടത്തി സർവ്വെ കമ്മീഷണർ സമർപ്പിക്കുന്ന റിപ്പോർട്ടിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ (കെട്ടിട നമ്പർ ഉൾപ്പെടെ) പരാമർശിക്കേണ്ടതാണെന്ന് 2019-ലെ വഖഫ് റൂൾസ് 4(2) (21)-ൽ നിഷ്കർഷിക്കുന്നുണ്ട്. 1995 ലെ വഖഫ് നിയമത്തിൽ 2013 ന് ഉണ്ടായ നിയമ ഭേദഗതി അനുസരിച്ച് 51(1-A), 104-A(1) എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വില്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. മേൽ നിയമ ഭേദഗതി വരുന്നതുവരെ വഖഫ് വസ്തു വില്പനയും, കൈമാറ്റവും ബോർഡനുമതിയോടുകൂടി നടത്താവുന്നതായിരുന്നു. ബോർഡ് അനുമതിയില്ലാതെ നടത്തിയിട്ടുള്ള വില്പന, വസ്തുകൈമാറ്റം, വഖഫ് വസ്തു അന്യാധീനപ്പെടൽ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന മുറയ്ക്കോ, ബോർഡിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കോ വഖഫ് നിയമം 52, 54 പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വഖഫ് ആക്ട്, സെക്ഷൻ 54 പ്രകാരം അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുവാനുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ചതിനുശേഷം കൈയ്യേറ്റം ഒഴിപ്പിക്കുവാനുള്ള ഉത്തരവ് വഖഫ് ട്രൈബ്യൂണൽ പുറപ്പെടുവിയ്ക്കേണ്ടതാണ്. |
| (സി) | 2011-16 കാലയളവിൽ സംസ്ഥാനത്ത് ഏതൊക്കെ വഖഫ് ഭൂമിയാണ് ലീസിന് നൽകിയിട്ടുള്ളതെന്നും എത്ര ഭൂമി വീതം എത്ര കാലത്തേക്ക് ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | 2011-16 കാലയളവിൽ സംസ്ഥാനത്ത് ലീസിന് നൽകിയിട്ടുള്ള വഖഫ് ഭൂമി, എത്ര ഭൂമി വീതം എത്ര കാലത്തേക്ക് ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നതടക്കമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2011-16 കാലയളവിൽ സംസ്ഥാനത്ത് ലീസിന് നൽകിയിട്ടുള്ള വഖഫ് ഭൂമി, എത്ര ഭൂമി വീതം എത്ര കാലത്തേക്ക് ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നതടക്കമുള്ള വിശദാംശങ്ങൾ**

| നമ്പർ | ലീസിന് നൽകിയ വഖഫിന്റെ വിലാസം | ലീസിന് നൽകിയ ഭൂമിയുടെ വിവരം | ലീസിന് എടുത്ത ആളുടെ വിവരം |
|---|---|---|---|
| 1 | കണ്ടംകുളങ്ങര പറമ്പ് വഖഫ്, പേട്ട, ഫറൂഖ് (8623/RA) | 47 ഹെക്ടർ ഭൂമി, (ആധാര നമ്പർ 1026/1954, റീസർവ്വെ10/7, 10 വർഷത്തിന് | ബ്രിഡ്ജ് വേ മോട്ടേഴ്സ് LLP, ചാലപ്പുറം, കാലിക്കറ്റ്-673 002 |
| 2 | ഇരുമ്പുചോല ജുമാഅത്ത് പള്ളി പരിപാലന കമ്മിറ്റി, പി.ഒ.ഇരുമ്പുചോല, എ.ആർ.നഗർ -676 305. (2065/RA) | 1 ഏക്കർ 35 സെന്റ്, (റീ. സർവ്വ 329/3, 330/1, 330/3, 330/4, 30 വർഷത്തിന്) | ശ്രീ.യാക്കൂബ് ഇ, എരഞ്ഞിക്കൽ വീട്, പി.ഒ.കോട്ടക്കൽ |
| 3. | തട്ടാമല മുസ്ലീം ജമാഅത്ത്, കൊല്ലം (3646/RA) | വടക്കേവിള വില്ലേജ്, ബ്ലോക്ക്-24, 1) റീ.സർവ്വെ 702/12/1 ൽ 10 ആർ. 23 ച.മീറ്റർ 2) റീ.സർവ്വെ 702/12-2 ൽ 9 ആർ.72 ച.മീറ്റർ (50 സെന്റ്) (15 വർഷത്തേക്ക്) | M/s.ഹെർക്കുലീസ് ഓട്ടോമൊബൈൽസ് |
| 4. | കാട്ടുനല്ലൂർ മുസ്ലീം ജമാഅത്ത്, എറണാകുളം. (5773/ആർ.എ) | സർവ്വെ 58/2, 59/1 ൽപ്പെട്ട 1 ഏക്കർ 55 സെന്റ് വസ്തു 07-06-2012 മുതൽ 06-06-2015 വരെ ട്രസ്റ്റിന് സ്കൂൾ നടത്തുന്നതിന് വേണ്ടി ലീസിന് നല്കി. (3 വർഷത്തേയ്ക്ക്) | പീസ് എഡ്യൂക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റ്, (29/1409H, കൾച്ചറൽ കോംപ്ലക്സ്, വൈറ്റില, കൊച്ചി-19) |

| | | | |
|---|---|---|---|
| 5 | പടമുഗൾ മുസ്ലീം ജമാഅത്ത്, എറണാകുളം. (3255/ആർ.എ.) | സർവ്വെ 111/1 ൽ പെട്ട 6000 Sq.ft, XII-988 A1, A2 നമ്പർ കെട്ടിടം 01-07-2012 മുതൽ 30-06-2015 വരെ വ്യാപാര ആവശ്യത്തിന് | ശ്രീ.റാഫിമോൻ എം.ഇ., (മുണ്ടിക്കുന്നേൽ ഹൗസ്, വണ്ണപ്പുറം, തൊടുപുഴ, ഇടുക്കി ജില്ല) |
| 6 | പടമുഗൾ മുസ്ലീം ജമാഅത്ത്, എറണാകുളം. (3255/ആർ.എ.) | സർവ്വെ 111/1 ൽ പെട്ട 6000 Sq.ft, XII-988 A3, A4, A5, A6 നമ്പർ കെട്ടിടം 01-07-2012 മുതൽ 30-06-2015 വരെ വ്യാപാര ആവശ്യത്തിന് | ശ്രീ.എം.എം.ഇബ്രാഹിം (മുണ്ടിക്കുന്നേൽ ഹൗസ്, വണ്ണപ്പുറം, തൊടുപുഴ, ഇടുക്കി ജില്ല) |
| 7 | പടമുഗൾ മുസ്ലീം ജമാഅത്ത്, എറണാകുളം. (3255/ആർ.എ.) | സർവ്വെ 111/1 ൽ പെട്ട 6000 Sq.ft, XII-988 A7, A8, A9, A10 നമ്പർ കെട്ടിടം 01-07-2012 മുതൽ 30-06-2015 വരെ വ്യാപാര ആവശ്യത്തിന് | ശ്രീമതി.നസീമ ഇബ്രാഹിം (മുണ്ടിക്കുന്നേൽ ഹൗസ്, വണ്ണപ്പുറം, തൊടുപുഴ, ഇടുക്കി ജില്ല) |